നോട്ടീസുകളെ ചോദ്യംചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി. 3976/10) തീർപ്പാക്കി ബഹുമാനപ്പെട്ട സുപ്രീം കോടതി 27-8-2013-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്.

ആദായനികുതി നിയമം കേന്ദ്ര നിയമമാകയാലും, കേന്ദ്ര സർക്കാരിന്റെ ആദായ നികുതി വകുപ്പിന്റെ നടപടികളായതിനാലും ഈ വിഷയം സംബന്ധിച്ച് സംസ്ഥാനം കേന്ദ്ര ധനകാര്യവകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവരുന്നതിനായി സംസ്ഥാനത്ത് നിന്നുള്ള എം.പി. മാരുടെ സമ്മേളനത്തിലും ഉന്നയിക്കുകയുണ്ടായി. ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ കേന്ദ്ര സർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

സഹകരണ ബാങ്കുകളിൽ അംഗത്വം

101 (446) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ അംഗത്വമെടുക്കുന്നതിന് ഏതു വിധത്തിലാണ് അപേക്ഷകൾ നൽകേണ്ടത് ;

(ബി) അംഗത്വത്തിന് അപേക്ഷിക്കാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത് ;

(സി) സഹകരണ ബാങ്കുകളുടെ ഭരണ സമിതിയോ ബോർഡ് അംഗമോ ശിപാർശ ചെയ്യാത്തയാൾക്ക് യോഗ്യതയുണ്ടെങ്കിലും അംഗത്വം നൽകരുതെന്ന് ചട്ടങ്ങളിൽ പറയുന്നുണ്ടോ ; അപ്രകാരം ചട്ടങ്ങളിൽ വ്യവസ്ഥയില്ലെങ്കിൽ അംഗത്വത്തിനുള്ള അപേക്ഷാഫോറംപോലും നിഷേധിക്കുന്ന ബാങ്ക് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ ബാങ്കുകളിൽ അംഗത്വമെടുക്കുന്നതിന്, കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 16, ചട്ടം 16 എന്നിവയിലെ നിബന്ധനകൾ ക്കനുസൃതമായാണ് അംഗത്വത്തിനുള്ള അപേക്ഷകൾ നൽകേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ നിയമം വകപ്പ് 16 പ്രകാരം ചുവടെ ചേർക്കുന്നവർ ഒഴികെയുള്ളവർക്ക് സംഘത്തിൽ അംഗത്വം നൽകുന്നതല്ല :

1. പതിനെട്ട് വയസ് ഉള്ളവരും, (ഏതെങ്കിലും സ്കൂൾ/കോളേജിലെ വിദ്യാർത്ഥികളുടെ ക്ഷേമത്തിന് മാത്രമായി രൂപീകരിച്ചിട്ടുള്ള സംഘം ഒഴികെ) ബുദ്ധി സ്ഥിരതയുള്ളയാളും സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ താമസക്കാരനോ അല്ലെങ്കിൽ സ്ഥലമോ ഉള്ള ആളുമായിരിക്കണം.

2. മറ്റേതെങ്കിലും സഹകരണ സംഘം

3. തദ്ദേശസ്വയംഭരണ സ്ഥാപനം

4. സർക്കാർ

5. പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവുമൂലം സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതോ ഏതെങ്കിലും നിയമത്തിന് വിധേയമായി രൂപീകരിക്കപ്പെട്ടതോ അല്ലാത്തതോ ആയ വ്യക്തി സംഘടനകൾ

എന്നാൽ നിശ്ചിത പ്രവർത്തനങ്ങളിലൂടെ അംഗങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിച്ച സംഘടനയ്ക്ക് മേൽ പറഞ്ഞ പ്രവർത്തനം വഴി നേരിട്ട് പ്രയോജനം ലഭിക്കാൻ ഇടയില്ലാത്ത യാതൊരാളേയും, ചട്ടങ്ങൾ വ്യക്തമായ ഇതിന് അനുവാദം നൽകിയിട്ടില്ലാത്ത പക്ഷം അംഗമായി പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല. മാത്രമല്ല ഒരു പ്രത്യേക വ്യവസായവുമായി ബന്ധപ്പെട്ട വ്യക്തികളുടെ ഉന്നമനത്തിനായിമാത്രം രൂപീകരിക്കപ്പെട്ടിട്ടുള്ള സംഘങ്ങളെ സംബന്ധിച്ച് സംഘത്തിലെ മൊത്തം അംഗങ്ങളുടെ വ്യവസ്ഥ അനുസരണമായുള്ള നിരക്കിൽ കൂടുതൽ പ്രസ്തുത വ്യവസായവുമായി യഥാർത്ഥത്തിൽ ബന്ധപ്പെടാത്ത ഏതൊരു വ്യക്തിയേയും അംഗമായി പ്രവേശിപ്പിക്കാവുന്നതല്ല.

കൂടാതെ ഒരു വ്യവസായത്തിന്റെ വികസന ഉദ്ദേശ്യത്തോടെ രൂപീകരിക്കപ്പെട്ടിട്ടുള്ള കോഫി ബോർഡ്, റബ്ബർ ബോർഡ്, നിയമാധിഷ്ഠിതമോ അല്ലാതെയോ ഉള്ള മറ്റ് ഏതെങ്കിലും ബോർഡ്, കോർപ്പറേഷൻ എന്നിവയ്ക്ക് അതത് വ്യവസായ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും ബന്ധപ്പെട്ടിട്ടുള്ളതും പ്രസ്തുത വ്യവസായത്തിലെ തൊഴിലാളികൾക്കും ഉത്പാദകർക്കുംവേണ്ടി രൂപീകരിച്ചിട്ടുള്ളതുമായ സംഘത്തിൽ അംഗമാകാവുന്നതാണ്. എന്നാൽ അപ്രകാരമുള്ള ബോർഡിനോ, കോർപ്പറേഷനോ, കമ്മിറ്റിക്കോ ഒരു സഹകരണ വായ്പാ സംഘത്തിലെ അംഗം എന്ന നിലയിൽ പ്രവേശനം നൽകാവുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ നിലവിലുള്ള മറ്റ് നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങളെ ഹോസ്പിറ്റൽ സഹകരണ സംഘങ്ങളിൽ അംഗങ്ങളായി ചേർക്കാവുന്നതാണ്.

പട്ടികജാതിയിലോ, പട്ടികവർഗ്ഗങ്ങളിലോ ഉൾപ്പെട്ട ആളുകളുടെ സാമ്പത്തികോന്നമനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സംഘങ്ങൾ ഒഴികെയുള്ള മറ്റ് സംഘങ്ങളിൽ, ഒരാൾ ഒരു പ്രത്യേക ജാതിയിലോ, മതത്തിലോ, വർഗ്ഗത്തിലോ ഉൾപ്പെട്ട ആളാണെന്ന കാരണത്താൽ അംഗത്വം നിഷേധിക്കാൻ പാടുള്ളതല്ല. അംഗത്വ അപേക്ഷയിന്മേലുള്ള തീരുമാനം അപേക്ഷ കിട്ടിയ തീയതി മുതൽ രണ്ടുമാസത്തിനകം എടുക്കേണ്ടതാണ്.

ചട്ടം 16 പ്രകാരം അംഗത്വം എടുക്കുന്നതിന് അനുവർത്തിക്കേണ്ട നടപടികൾ താഴെ പറയുന്നവയാണ് :

I.

1. അയാൾ രേഖാമൂലം സംഘത്തിൽ നിർണ്ണയിച്ചിട്ടുള്ള അപേക്ഷ ഫാറത്തിൽ അപേക്ഷിച്ചിട്ടുണ്ടായിരിക്കുകയും
2. സംഘത്തിന്റെ ഭരണസമിതി അയാളുടെ അപേക്ഷ അംഗീകരിക്കുകയും
3. അയാൾ നിയമത്തിലും ചട്ടങ്ങളിലും ബൈലോയിലും വ്യക്തമാക്കിയിട്ടുള്ള മറ്റെല്ലാ വ്യവസ്ഥകളും പരിപാലിച്ചിട്ടുണ്ടായിരിക്കുകയും
4. മറ്റ് സംഘങ്ങളുടേയും ഏതെങ്കിലും വ്യവസായ വികസനത്തിനും വേണ്ടി രൂപീകരിക്കപ്പെട്ട കോർപ്പറേഷന്റെ ഏതെങ്കിലും കമ്മിറ്റി അല്ലെങ്കിൽ ഗവൺമെന്റോ അംഗീകരിച്ച ഏതെങ്കിലും നിയമാധിഷ്ഠിതമോ അല്ലാത്തതോ ആയ ബോർഡ്, ഏകോപിപ്പിക്കപ്പെട്ടതോ അല്ലാത്തതോ ആയ ഒരു വ്യക്തി/സംഘടന എന്നിവരുടേയും കാര്യത്തിൽ അംഗത്വത്തിനുള്ള അപേക്ഷയോടൊപ്പം അതിനായി അധികാരപ്പെടുത്തുന്ന ഒരു തീരുമാനം കൂടി ഉണ്ടായിരിക്കുകയും ചെയ്യാത്തപക്ഷം സംഘടനയിലെ അംഗമായി ചേർക്കുവാൻ പാടില്ലാത്തതുമാകുന്നു.

II. ഒരു സഹകരണ സംഘത്തിലെ അംഗമാകുന്നതിന് യാതൊരാളും-

1. അയാൾക്ക് 18 വയസ് തികഞ്ഞിട്ടില്ലെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

2. അയാൾ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ താമസക്കാരനല്ലാതിരിക്കുകയോ അയാൾക്ക് ആ പ്രദേശത്ത് സ്വന്തമായോ, കൈവശമായോ ഭൂമി ഇല്ലാതിരിക്കുകയോ ആണെങ്കിലും എന്നാൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി മാത്രം രൂപീകൃതമാക്കിയിട്ടുള്ള സംഘത്തിന്റെ കാര്യത്തിൽ ഈ വ്യവസ്ഥ ബാധകമാകുന്നതല്ല.

3. അയാൾ നിർധനനാകുന്നതിന് അപേക്ഷിക്കുകയോ അവിമുക്ത നിർധനനായിരിക്കുകയോ ആണെങ്കിലും

4. രാഷ്ട്രീയ സ്വഭാവത്തോടുകൂടിയ ഒരു കുറ്റത്തിനോ സൻമാർഗ്ഗഭ്രംശം ഉൾപ്പെടാത്ത ഒരു കുറ്റത്തിനോ അല്ലാതെ മറ്റേതെങ്കിലും കുറ്റത്തിന് അയാളെ ശിക്ഷിക്കുകയും ശിക്ഷ തീർന്ന തീയതി മുതൽ അഞ്ച് വർഷം കഴിയുകയും ചെയ്തിട്ടില്ലെങ്കിലും

5. അയാൾ സംഘത്തിന്റെയോ ധനസഹായ ബാങ്കിന്റെയോ ശമ്പളം പറ്റുന്ന ജീവനക്കാരനാണെങ്കിലും എന്നാൽ ഈ നിയന്ത്രണം സഹകരണ മോട്ടോർ ട്രാൻസ്പോർട്ട് സംഘങ്ങൾക്കും സഹകരണ തൊഴിൽ ശാലകൾക്കും ധനസഹായ ബാങ്കിലെ ജീവനക്കാർക്ക് വേണ്ടിയുള്ള സംഘങ്ങൾക്കും യഥാർത്ഥ തൊഴിലാളികളുടെ നന്മയ്ക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള സംഘങ്ങൾക്കും ബാധകമാകുന്നതല്ല.

6. സഹകരണ നിയമം വകുപ്പ് 68 പ്രകാരം അയാളെ സർചാർജ്ജ് ചെയ്യുകയും പണം കൊടുത്തത് മുതലോ സർചാർജ്ജിന്റെയോ ഉത്തരവിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം വസ്തു തിരികെ കൊടുത്തത് മുതലോ മൂന്ന് വർഷം കഴിഞ്ഞിട്ടില്ലെങ്കിലും അർഹനായിരിക്കുന്നതല്ല.

(സി) അപ്രകാരം വ്യവസ്ഥ ചട്ടങ്ങളിൽ ഇല്ല. അംഗത്വത്തിനുള്ള അപേക്ഷാ ഫോറം നിഷേധിക്കുന്നത് സംബന്ധിച്ച് വിശദമായ രേഖാമൂലമുള്ള പരാതി ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ/രജിസ്ട്രാർക്ക് നൽകുകയാണെങ്കിൽ അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സഹകരണ സ്ഥാപനങ്ങൾ മുഖേനയുള്ള കാർഷിക വായ്പകൾ

102 (447) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly